**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2809** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമി ഏറ്റെടുക്കൽ വൈകിയതിനാൽ മലപ്പുറം ജില്ലയിൽ ജല ജീവൻ മിഷന്റെ എത്ര പദ്ധതികൾ മുടങ്ങി കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | വള്ളികുന്ന് നിയോജക മണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പഞ്ചായത്തുകൾക്കുള്ള വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി സംബന്ധിച്ച് ബഹു: ഹൈകോടതിയിൽ കേസ് തീർപ്പാക്കുന്നത് വൈകുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ വിഷയത്തിൽ തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2023 ഏപ്രിൽ 18 ന് ടെണ്ടർ ഓപ്പൺ ചെയ്തുവെങ്കിലും ബഹു. കേരള ഹൈക്കോടതിയിൽ അശ്വതി ഏജൻസീസ് നൽകിയ WP(C) 18544/2024 പ്രകാരം കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ല. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തി നടക്കാത്തതിനാൽ പ്രവൃത്തി കമ്മീഷൻ ചെയ്യുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ട്. ഈ ടെൻഡറിന്റെ തീരുമാനമാകാത്തത്, പദ്ധതിയുടെ പൂർത്തീ കരണത്തെ ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം കേസ് പരിഗണിക്കുന്നത് 05/03/2026ലേക്ക് മാറ്റി വച്ചിരിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ കോടതിയുടെ അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് |
|---|---|---|
| 1 | മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 1. മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 26 MLD ജല ശുദ്ധീകരണശാല, 22 ലക്ഷം ലിറ്റർ ശേഷിയുള്ള സംമ്പ്, 5 ലക്ഷം ലിറ്റർ ഉപരിതല ജല സംഭരണി എന്നിവ നിർമ്മിക്കുന്നത് പുൽപ്പറ്റ പഞ്ചായത്തിലെ വളമംഗലത്ത് മഅ്ദിൻ അക്കാദമിയുടെ സ്ഥലത്താണ്. പ്രസ്തുത സ്ഥലം മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകൾ ഏറ്റെടുത്തു നൽകാത്തത് മൂലം നിലവിൽ ജല ശുദ്ധീകരണ ശാലയുടെ പ്രവൃത്തി 2025 ഫെബ്രുവരി മാസം മുതൽ നിർത്തി വയ്ക്കേണ്ടി വന്നിട്ടുണ്ട്. |
| | | 2. മൊറയൂർ പഞ്ചായത്തിലെ കൊട്ടമലയിൽ 22 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നത് സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള 20 സെന്റ് സ്ഥലത്താണ്. എന്നാൽ പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് പറഞ്ഞുകൊണ്ട് സ്ഥലമുടമ 2024 ജനുവരി മുതൽ പ്രവൃത്തി തടഞ്ഞു വെച്ചിരിക്കുകയാണ്. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. |
| 2 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | പോരൂർ പഞ്ചായത്തിലെ കല്ലുമലയിൽ 25 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് 40 സെന്റ് സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| 3 | കരുളായി, മൂത്തേടം, അമരമ്പലം,ചോക്കാട് പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി | കരുളായി പഞ്ചായത്തിലെ അരക്കുംപൊയിൽകുന്നിൽ 37 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയും, 27 MLD ജല ശുദ്ധീകരണശാല, സംമ്പ്, വാഷ് വാട്ടർ ഡ്രൈൻ, കോംമ്പൗണ്ട് വാൾ എന്നിവയും നിർമ്മിക്കുന്നതിന് ആവശ്യമായ 150 സെന്റ് സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. |
| 4 | വെട്ടത്തൂർ, കീഴാറ്റൂർ, മേലാറ്റൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള വിതരണ പദ്ധതി | കീഴാറ്റൂർ പഞ്ചായത്തിലെ പരമ്പൂർ എന്ന സ്ഥലത്ത് 40000 ലിറ്റർ സംഭരണ ശേഷിയുള്ള ബൂസ്റ്റർ സംമ്പ് നിർമ്മിക്കുന്നതിന് 1 സെന്റ് സ്ഥലവും, 20000 ലിറ്റർ ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന് 1 സെന്റ് സ്ഥലവും, വീണപറമ്പ് എന്ന സ്ഥലത്ത് 1.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ബൂസ്റ്റർ സംമ്പ് നിർമ്മിക്കുന്നതിന് 2.5 സെന്റ് സ്ഥലവും, 60000 ലിറ്റർ ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന് 1.5 സെന്റ് സ്ഥലവും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല.<br>മേലാറ്റൂർ പഞ്ചായത്തിലെ അധികംകുണ്ട് എന്ന സ്ഥലത്ത് 40000 ലിറ്റർ സംഭരണ ശേഷിയുള്ള ബൂസ്റ്റർ സംമ്പ് നിർമ്മിക്കുന്നതിന് 1 സെന്റ് സ്ഥലവും, 20000 ലിറ്റർ ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന് 1 സെന്റ് സ്ഥലവും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. |
| 5 | കുറ്റിപ്പുറം, തിരുന്നാവായ, ആതവനാട്, മാറാക്കര ഗ്രാമ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | ആതവനാട് പഞ്ചായത്തിലെ മലയിൽ പ്രദേശത്ത് 40 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിന് 60 സെന്റ് സ്ഥലം പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 6 | ജൽ ജീവൻ മിഷൻ (ജെജെഎം)–സിഡബ്ല്യുഎസ്എസ് മുതൽ മലപ്പുറത്തെ ഇടരിക്കോട് പഞ്ചായത്തിലേക്ക് WTP & PUMPSET ഉൾപ്പെടുന്ന പ്രവൃത്തി | മലപ്പുറം ജില്ലയിലെ എടരിക്കോട് പഞ്ചായത്തിൽ 6MLD പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. എടരിക്കോട് കേരളാ ഇലെക്ട്രിക്കൽ ആൻഡ് അലൈഡ് സർവീസ് ( KEL ) അധീനതയിലുള്ള 50.47 സെൻറ് ഭൂമി ആവശ്യപ്പെട്ടിട്ടുണ്ട് . KEL മാനേജിങ് ഡയറക്ടർ കമ്പനിയുടെ എടരിക്കോട് യൂണിറ്റിന്റെ കൈവശമുള്ള ഭൂമിയിൽ 50.47 സെൻറ് സ്ഥലം മതിയായ വില നൽകിയാൽ മാത്രമേ ജല ജീവൻ മിഷൻ പദ്ധതിക്കായി വിട്ടു നൽകുകയുള്ളു എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകാത്തതുമൂലം പ്ലാന്റ് നിർമിക്കുന്ന പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| 7 | ജൽ ജീവൻ മിഷൻ (ജെജെഎം) – മലപ്പുറം ജില്ലയിലെ വണ്ടൂർ, തുവ്വൂർ, കാളികാവ്, കരുവാരക്കുണ്ട്, ഇടപ്പറ്റ പഞ്ചായത്തുകൾ എന്നിവയിലേക്കുള്ള സമഗ്ര ജലവിതരണ പദ്ധതി – പാക്കേജ് II – 1) അമ്പലപ്പടിയിൽ 34 എംഎൽഡി ഡബ്ല്യുടിപിയുടെ നിർമ്മാണം ഉൽപ്പെടുന്ന പ്രവർത്തി | WTP യുടെ ഭൂമി ലഭ്യമാകാത്തതിനാൽ പ്രവൃത്തിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| 8 | ജലജീവൻ മിഷൻ (ജെജെഎം)–മലപ്പുറം ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല്, എടക്കര, വഴിക്കടവ് ഗ്രാമപഞ്ചായത്തുകളിലേക്ക് WSS–ചുങ്കത്തറ പഞ്ചായത്തിലെ കുറത്തിമലയിൽ 30 MLD WTP, 32 LL OHSR എന്നിവയുടെ നിർമാണം. | WTP യുടെ ഭൂമി ലഭ്യമാകാത്തതിനാൽ പ്രവൃത്തിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |